# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 10, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 362)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1 മുതൽ 118 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 119 മുതൽ 185 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 186 മുതൽ 223 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 224 മുതൽ 362 വരെ |

<u>സർക്കാരിന്റെ കർമ്മപരിപാടി</u>

1 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയുടെ സവിശേഷതകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ പരമപ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരിപാടിയുടെ ഓരോ വിഭാഗത്തിലും ഉളള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കർമ്മ പരിപാടിയിൽ എത്ര ശതമാനം നേട്ടം കൈവരിക്കാനായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

**കേരള നിയമസഭ**
**10.12.2012-ലെ മറുപടിക്ക്**

<u>ഔദ്യോഗികഭാഷ മലയാളം</u>

2 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികഭാഷ മലയാളമാക്കിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും അത് ഇപ്പോഴും പൂർണ്ണതയിലായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സർവ്വീസിലെ ഏറ്റവും താഴ്ന്ന ജീവനക്കാരനുള്ള കുറ്റാരോപണ മെമ്മോപോലും ഇംഗ്ലീഷ്ഭാഷയിൽ നൽകുന്ന ഓഫീസുകൾ തലസ്ഥാനത്ത് ഉണ്ടെന്ന വസ്തുത ഗൗരവപൂർവ്വം പരിഗണിച്ച് താഴ്ന്നജീവനക്കാർക്കും , സാധാരണക്കാർക്കുമുളള കത്തുകളെങ്കിലും മലയാളത്തിൽ നൽകണമെന്ന കർശന നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി</u>

3 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ പരിപാടിയില്‍ ലഭിച്ച പരാതികളിന്മേല്‍ അന്തിമ പരിഹാരം കാണുന്നതിന് ജില്ലാ താലൂക്ക് തലങ്ങളില്‍ വികസന സമിതികളെ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) മാസത്തില്‍ ഒരുതവണ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ച് ജില്ലാ തലത്തില്‍ അവലോകനയോഗം വിളിക്കുന്നതിനും പരാതികള്‍ക്ക് പരിഹാരം കാണുന്നതിനും ജില്ലാ കളക്ടറുടെ നേതൃത്വത്തില്‍ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

4 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ നടത്തിയിട്ടുണ്ടെന്നും ഇതിലൂടെ എത്ര പരാതികൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ പരിപാടിയിൽ ലഭിച്ച എത്ര പരാതികളിൽ പൂർണ്ണമായ തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എ. പി. എൽ. കാർഡ് ബി. പി. എൽ. ആക്കി മാറ്റാൻ കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) ചികിത്സാസഹായം ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകളിൽ സഹായം അനുവദിച്ചു; ഇതിലൂടെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

5

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ട് എന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ചികിൽസാ സഹായത്തിനായി അനുവദിച്ച തുക മണ്ഡലം തിരിച്ച് അപേക്ഷകരുടെ എണ്ണം അടക്കം വിവരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>നൂറ് ദിന കർമ്മ പരിപാടി</u>

6 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൂറ്ദിന കർമ്മപരിപാടിയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭം കുറിച്ചിട്ടുള്ള ഏതൊക്കെ പദ്ധതികളാണുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

7 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഇനി എത്ര എണ്ണം തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്നും എത്രയെണ്ണം തീർപ്പ് കൽപ്പിച്ചെന്നും ഇനം തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ചികിത്സാ സഹായത്തിന് അനുവദിച്ച തുക മണ്ഡലം തിരിച്ച് അപേക്ഷകരുടെ എണ്ണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സാം പിട്രോഡ അവതരിപ്പിച്ച പ്രോജക്ടുകൾ</u>

8 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മെന്റർ സാം പിട്രോഡയുടെ നേതൃത്വത്തിൽ അവതരിപ്പിച്ച പ്രോജക്ടുകൾ ഏതെല്ലാം ; ഇതിൽ ഏതെല്ലാം പ്രോജക്ടുകൾ സർക്കാർ അംഗീകരിച്ചു ; ഏതെല്ലാം പ്രോജക്ടുകൾ ഇതിനകം ആരംഭിച്ചു ;

(ബി) മറ്റ് പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഓർഡിനൻസുകൾ</u>

9 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം വിഷയം സംബന്ധിച്ച ഓർഡിനൻസുകൾക്ക് പകരം നിയമനിർമ്മാണം നടത്തിയിട്ടുണ്ട് ;

(സി) ഏതെല്ലാം വിഷയം സംബന്ധിച്ച ഓർഡിനൻസുകൾക്ക് പകരം ഇനിയും നിയമനിർമ്മാണം നടത്തുവാനുള്ളതെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പൊതുജനപ്രക്ഷോഭങ്ങൾ</u>

10 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സെക്രട്ടേറിയറ്റിന് മുൻപിൽ പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ള പ്രക്ഷോഭങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പ്രക്ഷോഭങ്ങളിൽ ഉയർന്ന് വന്നിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ ; ഈ ആവശ്യങ്ങൾ പരിഗണിച്ച് അനുകൂല നടപടികൾ സ്വീകരിക്കാനും നയങ്ങൾ തിരുത്താനും തയ്യാറാകുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ചീഫ് മിനിസ്റ്റേഴ്സ് ഫെലോഷിപ്പ്</u>

11 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചീഫ് മിനിസ്റ്റേഴ്സ് ഫെലോഷിപ്പ് ഏർപ്പെടുത്തിയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വീസിലുള്ളവരെയാണോ സർവ്വീസിന് പുറത്തുള്ളവരെയാണോ ഇതിനായി പരിഗണിക്കുന്നത്;

(സി) ഫെലോഷിപ്പ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തെല്ലാമാണ്;

(ഡി) എന്ന് മുതലാണ് ഇത് ഏർപ്പെടുത്തിയത്; എത്ര പേർക്ക് ഇതിനകം സെലക്ഷൻ ലഭിച്ചു; സെലക്ഷൻ ലഭിച്ചവരുടെ വിവരങ്ങൾ നൽകാമോ;

(ഇ) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ലഭിക്കുന്ന അംഗീകാരങ്ങൾ, ഉത്തരവാദിത്വങ്ങൾ, സാമ്പത്തിക സഹായങ്ങൾ ഇവ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

12 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ ഒരു വർഷത്തെ കർമ്മ പദ്ധതികളെ സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രധാനനേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞു ;

(ഡി) ജനസമ്പർക്ക പരിപാടിയിലെ ജനപങ്കാളിത്തം കണക്കിലെടുത്ത് ഈ വർഷവും പ്രസ്തുത പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

13 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ വിദ്യാർത്ഥികളെ ഏറെ ബുദ്ധിമുട്ടിക്കുകയും അപേക്ഷ നിരസിക്കുകയും ചെയ്യുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എ. പി. എൽ, ബി. പി. എൽ വേർതിരിവില്ലാതെ വിദ്യാഭ്യാസ വായ്പയെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും വായ്പയുടെ പലിശ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

സേവനാവകാശ നിയമം

14

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഇതിനകം എന്തെല്ലാം സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) നിയമം കൂടുതൽ വിപുലമാക്കുന്നതിന് നിയമം നിലവിൽ വന്നതിനു ശേഷം ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിയമം പാസ്സാക്കിയതിനു ശേഷം സേവനങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഇതിനകം ലഭിച്ച അപ്പീലുകൾ എത്ര;

(ഡി) നിയമം നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട സർക്കാർ ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>2012 –13 മലയാളം ഭരണഭാഷാ വർഷം</u>

15 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 –13 മലയാളം ഭരണഭാഷാ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്ക്കരണമാണ് വിവിധ വകുപ്പുകളിലും ഓഫീസുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഔദ്യോഗിക ഭാഷാ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം</u>

16 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം കൂടുതല്‍ കാര്യക്ഷമമാക്കാന്‍ എന്തെങ്കിലും പരിപാടികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ വിശദാംശം വ്യക്തമാക്കാമോ ;

(സി) നടപടികളിലെ സങ്കീര്‍ണ്ണതകള്‍ കാരണം ഫയലുകള്‍ തീര്‍പ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാന്‍ നടപടിക്രമങ്ങള്‍ ലഘൂകരിക്കുന്നതുള്‍പ്പെടെയുള്ള നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) കെട്ടിക്കിടക്കുന്ന ഫയലുകള്‍ തീരുമാനമെടുക്കാന്‍ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കില്‍ പ്രസ്തുത സംവിധാനം നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

17 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത നിയമം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സേവനാവകാശനിയമം</u>

18 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം സേവനങ്ങളാണ് സേവനവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്;

(സി) കൂടുതൽ സേവനങ്ങൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## സേവന അവകാശ നിയമം

19 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവന അവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന പോലീസുമായി ബന്ധപ്പെട്ട സേവനങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇത് നടപ്പാക്കിയതിന് ശേഷം എത്ര അപ്പീലുകൾ ഈ രംഗത്തുണ്ടായി ;

(സി) നിയമാനുസൃതമായുള്ള ഓരോ സേവനങ്ങൾക്കും നിയമം നിലവിൽ വന്ന ശേഷം ഇതേവരെ ലഭിച്ച അപേക്ഷകൾ എത്ര ; എത്ര അപേക്ഷകൾ അനുവദിച്ചുകൊണ്ട് ഉത്തരവായി ; നിരസിക്കേണ്ടി വന്ന അപേക്ഷകളെത്ര ; നിരസിച്ച എത്ര അപേക്ഷകളിന്മേൽ അപ്പീലുകൾ വരുകയുണ്ടായി ; ഇനിയും തീരുമാനം എടുത്തിട്ടില്ലാത്ത അപ്പീലുകൾ എത്ര ;

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകളിലും നിയമം നടപ്പിലാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നത് ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിന്റെ പ്രവർത്തന ക്ഷമത</u>

20 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നടപടികളിലെ സങ്കീർണ്ണതകൾ മൂലം ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ തീരുമാനമെടുക്കാൻ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വിസിൽ ബ്ളോവർ സമിതിയുടെ നിർദ്ദേശങ്ങൾ</u>

21 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതി നിർമ്മാർജ്ജനത്തിനായി രൂപീകരിച്ച നാലംഗ വിസിൽ ബ്ളോവർ സമിതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നോ ;

(സി) ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെയാണ് ഈ പെരുമാറ്റച്ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>അഴിമതി നിവാരണ കമ്മിറ്റി</u>

22 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. പി. തിലോത്തമൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഴിമതിയിലൂടെ സമ്പാദിച്ച സ്വത്തുക്കൾ കണ്ടുകെട്ടാൻ പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന് അഴിമതി നിവാരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) അഴിമതി നിവാരണ കമ്മിറ്റി രൂപീകരിച്ചിട്ട് എത്ര കാലമായി, ഈ കമ്മിറ്റിയുടെ ഇതുവരെയുള്ള ശുപാർശകൾ എന്തെല്ലാം, ഇതിൽ ഏതെങ്കിലും ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിലെ സുതാര്യത, വ്യക്തത, സേവന സന്നദ്ധത</u>

23 ശ്രീ. കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുതാര്യത, വ്യക്തത, സേവന സന്നദ്ധത എന്നിവ സർക്കാർ ഓഫീസുകളിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എല്ലാ സർക്കാർ ഓഫീസുകളിലും പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്ന കൗണ്ടർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് വകുപ്പ് മേധാവികൾക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കത്തിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സർക്കാരിന്റെ രണ്ടാം വാർഷിക പരിപാടികൾ</u>

24 ശ്രീ. ബെന്നി ബഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്ജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് പ്രത്യേക പരിപാടികൾ പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തൊക്കെ പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിഷൻ 2030, പ്രകടനപത്രിക, ബജറ്റ് നയപ്രഖ്യാപനം എന്നിവയിലെ പരിപാടികൾ നടപ്പാക്കാൻ ഊന്നൽ നൽകുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ബാങ്ക് വഴിയുള്ള സബ്സിഡി

25 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്നുമുതൽക്കാണ് സബ്സിഡികൾ ബാങ്ക് വഴി നൽകുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കുള്ള സബ്സിഡികളാണ് ബാങ്കു വഴി നൽകുവാൻ ഉദ്ദേശിക്കുന്നത് ;

(സി) സഹകരണ ബാങ്കുകളെയും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഈ ആവശ്യത്തിന് ആധാർ കാർഡ് നിർബ്ബന്ധമാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ മറ്റെന്തെല്ലാം സംവിധാനമാണ് ഇതിന് ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(എഫ്) തുടക്കത്തിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഐഡിയാസ് സംവിധാനം</u>

26 ശ്രീ. ജോസഫ് വാഴക്കൻ
" വർക്കല കഹാർ
" സണ്ണി ജോസഫ്
" എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐഡിയാസ് സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഫയലുകളുടെ നീക്കം നിരീക്ഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുകളിൽ ഈ സംവിധാനം നിലവിലുണ്ട്;

(ഡി) എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലു ഇത് വ്യാപിപ്പിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ;

(ഇ) പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴി വിവരങ്ങൾ അറിയുവാനുളള സംവിധാനം ഒരുക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>സപ്തധാരാ പദ്ധതി</u>

27 ശ്രീ. എം.വി ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്തധാരാ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സപ്തധാരാ പദ്ധതികളിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ എത്രയെണ്ണം പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും പൂർത്തികരിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിൻ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ</u>

28 ശ്രീ. എം.എ. ബേബി
'' ബി. സത്യൻ
'' എ. പ്രദീപ്കുമാർ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ; ഇവ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാരുടെ പ്രത്യേക ശ്രമങ്ങൾ ഇക്കാര്യത്തിലുണ്ടാകുന്നുണ്ടോ ; സംസ്ഥാനത്തു നിന്നുളള കേന്ദ്രമന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ നിന്നും നേടിയെടുക്കേണ്ടതായ ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന്റെ മുന്നോടിയായി സംസ്ഥാന സർക്കാർ വിളിച്ചു ചേർത്ത എം.പി. മാരുടെ യോഗത്തിൽ സംസ്ഥാനത്തുനിന്നുള്ള എത്ര കേന്ദ്രമന്ത്രിമാർ പങ്കെടുക്കുകയുണ്ടായി ; യോഗത്തിൽ അവതരിപ്പിച്ച വിഷയങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ

29 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ ചുരുങ്ങിയ സമയം കൊണ്ട് തീർപ്പ് കല്പിക്കുന്നതിന് എന്ത് നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള രീതികൾ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് ഫയലുകളും അപേക്ഷകളും തീർപ്പ് കല്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് സമയ പരിധി നിശ്ചയിക്കുകയും ജനങ്ങൾക്കു കാലതാമസം കൂടാതെ നീതി ലഭിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

വികലാംഗരായ ഉദ്യോഗാർത്ഥികൾക്കുള്ള ഹെൽപ്പ് ഡസ്ക്

30 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓൺ ലൈനിലൂടെ അപേക്ഷ നൽകുന്ന വികലാംഗരായ ഉദ്യോഗാർത്ഥികളെ സഹായിക്കാൻ സംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ പി.എസ്.സിയ്ക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡസ്കുകൾ തുടങ്ങുന്നതിന് ശുപാർശ നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം</u>

31 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം 58 വയസ്സായി ഉയർത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

എൻ. എച്ച് 47ൽ പാലിയേക്കരയിലെ ടോൾപിരിവ്

32 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച് 47–ൽ പാലിയേക്കരയിലെ ടോൾ സംബന്ധിച്ച വിഷയത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ടോൾ നിരക്ക് കുറയ്ക്കുന്നതിനും ആറുമാസത്തിനുളളിൽ സർവ്വീസ് റോഡുകൾ, സ്ട്രീറ്റ്ലൈറ്റുകൾ, ബസ്സ്ബേകൾ, ഡ്രൈനേജ് തുടങ്ങിയ അനുബന്ധ നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിനും എടുത്ത തീരുമാനങ്ങൾ ഇനിയും നടപ്പിലാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് സെക്രട്ടറി നിയമനം</u>

33 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ വി.എച്ച്.എസ്.സി. ഡയറക്ടർ ശ്രീ മോഹൻ അബ്രഹാമിനെ സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയതി മുതൽ കോട്ടയത്തെ കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യുട്ട് ഫോർ വിഷ്വൽ സയൻസ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ശ്രീ. മോഹൻ അബ്രഹാം ഏതെങ്കിലും വിജിലൻസ് കേസിൽ പ്രതിയായിട്ടുള്ളയാളാണോ ; ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിജിലൻസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ഉന്നത തസ്തികകളിൽ നിയമിക്കുന്നതിന് മുൻപ് അത്തരം ആളുകളെ സംബന്ധിച്ച് വിജിലൻസ് ഡയറക്ടറോട് അഭിപ്രായം ആരായാറുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

34 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നിയമമാക്കുമ്പോൾ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്;

(ബി) ജീവനക്കാരുടെ സംഘടനകൾ ഇതിനായി എന്തെല്ലാം നിർദ്ദേശങ്ങൾ വച്ചിരുന്നു; അവയെല്ലാം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെങ്കിലും കേന്ദ്ര സർക്കാർ അംഗീകരിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

35 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഇപ്പോൾ നിലവിലുള്ള ഫാമിലി പെൻഷൻ, അവിവാഹിതരായ പെൺമക്കൾക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ലഭിച്ചുവരുന്ന പെൻഷൻ തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഇ) നിലവിലുള്ള ആനുകൂല്യങ്ങളൊന്നും പുതിയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നിലനിർത്തണമെന്ന് ജീവനക്കാർ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ജീവനക്കാരുടെ താത്പര്യം പരിഗണിച്ച് പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

36 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് മുതലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എന്ന് മുതൽ സർവ്വീസിൽ പ്രവെസിക്കുന്ന ജീവനക്കാർക്കാണ് ഇത് പ്രാബല്യത്തിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഓരോ ജീവനക്കാരും പ്രതിമാസം എത്ര രൂപ വീതം ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷൻ പദ്ധതിയിലെ പ്രസ്തുത ഈ നിക്ഷേപം എങ്ങനെ ചെലവിടാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

37 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ആഗസ്റ്റ് 16–ന് മുഖ്യമന്ത്രി സർവ്വീസ് സംഘടനകളുമായി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പെൻഷൻ പദ്ധതി സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ;

(ബി) ഈ യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാമെന്നും അവർ ഏതെല്ലാം സംഘടനകളുടെ പ്രതിനിധികൾ ആയിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ചർച്ചയിൽ ഓരോ സംഘടനയുടെയും പ്രതിനിധി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദീകരിച്ചു വ്യക്തമാക്കുമോ; മിനിട്ട്സിന്റെ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ചർച്ചയിൽ സർവ്വീസ് സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആശങ്കകൾ സംബന്ധിച്ച് മുഖ്യമന്ത്രി നൽകിയ ഉറപ്പനുസരിച്ച് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 16.08.2012–ലെ യോഗത്തിൽ സർക്കാർ നൽകിയ ഉറപ്പനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നും എന്തെല്ലാം കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

സപ്തധാരാ പദ്ധതി

38 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ എന്ന പേരിൽ സപ്തധാരാ പദ്ധതിയിൽ ഏതൊക്കെ പേരുകളിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി</u>
<u>മോടി പിടിപ്പിക്കൽ</u>

39 ശ്രീ. ജോസഫ് വാഴക്കൻ
'' വി. പി. സജീന്ദ്രൻ
'' സി. പി. മുഹമ്മദ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ഈ സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടെലിഫോൺ, അതിഥി സൽക്കാരം, യാത്രബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക വസതിയിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും പീഡനങ്ങളും

40 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെമ്പാടും സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും പീഢനങ്ങളും വർദ്ധിച്ചു വരുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) സർക്കാർ ആഫീസുകളടക്കമുള്ള തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ വിവിധ തരത്തിലുള്ള പീഢനങ്ങൾക്കെതിരെ പരാതിപ്പെടുന്നതിന് അതാത് ഓഫീസുകളിലുള്ള സമിതികളുടെ ഘടനയും അധികാരവും എന്താണ്;

(സി) പ്രസ്തുത സമിതികൾ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്; പ്രധാനപ്പെട്ട എല്ലാ ആഫീസുകളിലും ഇത്തരം സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നതായി ഉറപ്പുവരുത്താൻ എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ഡി) പരാതിക്കാരിയുടെ അപേക്ഷ സ്വീകരിക്കുന്നതിനും സമയബന്ധിതമായി പ്രശ്നപരിഹാരത്തിനും തയ്യാറാകാത്ത സമിതികൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കേണ്ടത്;

(ഇ) 2012– ജനുവരി മുതൽ ഇതുവരെ തിരുവനന്തപുരം ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിക്കുകയുണ്ടായി; ഏതെല്ലാം ഓഫീസുകളിൽ നിന്നും ആരെല്ലാമാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും ശക്തമാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പൊതുഭരണ വകുപ്പ് പ്രസിദ്ധീകരിച്ച 2012ലെ ഡയറിയിലെ തെറ്റ്</u>

41 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പ് പ്രസിദ്ധീകരിച്ച 2012ലെ ഡയറിയിൽ ബഹു. പ്രതിപക്ഷ നേതാവിന്റെ മൊബൈൽ ഫോൺ നമ്പറിന്റെ സ്ഥാനത്ത് ഗവൺമെന്റ് ചീഫ് വിപ്പിന്റെ മൊബൈൽ നമ്പർ അച്ചടിക്കപ്പെട്ട സംഭവത്തിൽ ഏതെങ്കിലും അന്വേഷണം നടന്നിട്ടുണ്ടോ ; ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഈ തെറ്റ് എങ്ങനെ സംഭവിച്ചുവെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പുകയില ഉത്പന്നങ്ങളുടെ നിയന്ത്രണം</u>

42 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ എത്ര മീറ്റർ പരിധിയിലാണ് പുകയില ഉൽപന്നങ്ങളുടെ കച്ചവടം നിയന്ത്രിച്ചിട്ടുള്ളത്;

(ബി) വിദ്യാലയങ്ങളുടെ ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ കച്ചവടം നടത്തിയതിന് എത്ര പേരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വ്യത്യസ്ത രീതിയിൽ ഉത്തരവ് ഇറങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എൽ.ഡി. ക്ലാർക്ക് പ്രൊമോഷൻ</u>

43 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായി സേവനം അനുഷ്ഠിക്കുന്നവർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി. ക്ലാർക്കുമാരായി പ്രൊമോഷൻ നൽകാൻ എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>കേരള സർവ്വകലാശാല നിയമനങ്ങളിലെ സംവരണ തത്വം</u>

44

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നിയമനങ്ങളിൽ സംവരണ തത്വം അട്ടിമറിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തത നൽകാമോ;

(ബി) വിവിധ തസ്തികകളിൽ സംവരണം പാലിക്കാതെ നിയമനം നടത്തി സംവരണതത്വം അട്ടിമറിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർവ്വകലാശാല തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ സർവ്വീസിൽ നിയമനങ്ങൾ നടത്തുമ്പോൾ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള □20 ന്റെ യൂണിറ്റ്□എന്ന തത്വം മാറ്റി 50% ജനറൽ, 50% സംവരണം എന്നിങ്ങനെ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ചാല ടാങ്കർ ദുരന്തം</u>

45

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ ചാലയിൽ ഉണ്ടായ ടാങ്കർ ലോറി ദുരന്തത്തിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും എത്ര പേർ ചികിത്സയിലാണെന്നും അറിയിക്കാമോ;

(ബി) ദുരന്തത്തിനിരയായവർക്ക് നൽകിയ ദുരിതാശ്വാസത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ദുരന്തത്തിനു ശേഷവും ടാങ്കർ ലോറി നീക്കവുമായി ബന്ധപ്പെട്ട കൂടുതൽ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഭൂകമ്പമാപിനി പുന:സ്ഥാപിക്കൽ

46 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരന്തരമായി നടക്കുന്ന ഭൂകമ്പങ്ങളുടെ പ്രഭവകേന്ദ്രമെന്ന് സ്ഥിരീകരിക്കപ്പെട്ട ചേലക്കര മണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിൽ സ്ഥാപിച്ചിരുന്ന ഭൂകമ്പമാപിനി മാറ്റിക്കൊണ്ടുപോകുകയും അത് പുന:സ്ഥാപിക്കാമെന്ന് നിയമസഭയിൽ ഉറപ്പു നൽകുകയും ചെയ്തിരുന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) എങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(സി) എത്രയും വേഗം ഭൂകമ്പമാപിനി പുന:സ്ഥാപിക്കുവാനും വിശദമായ പഠനങ്ങളെ തുടർന്ന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ മുൻകരുതൽ നടപടികളും നടപ്പിലാക്കുവാനും നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## സര്‍ക്കാര്‍ വാഹനങ്ങള്‍

47 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സര്‍ക്കാര്‍ വാഹനങ്ങള്‍ സ്വകാര്യ ആവശ്യത്തിനുപയോഗിച്ചതിനെതിരെ എത്ര ഉദ്യോഗസ്ഥര്‍ക്കെതിരെ നിയമനടപടികള്‍ സ്വീകരിക്കുകയുണ്ടായി;

(ബി) സര്‍ക്കാര്‍ വാഹനങ്ങളില്‍ ലോഗ് ബുക്ക് ഇല്ലാത്തിന്റെയും ലോഗ് ബുക്ക് ഉള്ള വാഹനങ്ങളില്‍ അത് എഴുതാതിരുന്നതിന്റെയും പേരില്‍ എത്ര പേര്‍ക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി;

(സി) ധനകാര്യ വകുപ്പ് ഇന്‍സ്പെക്ഷന്‍ ടീം ഈ കാലയളവില്‍ എത്ര വാഹനങ്ങള്‍ പരിശോധിക്കുകയുണ്ടായി; ടൂറിസം വകുപ്പിന്റെ കീഴില്‍ ഗ്യാരേജില്‍ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന എത്ര വാഹനങ്ങള്‍ പരിശോധിക്കുകയുണ്ടായി; ഏതെല്ലാം നിലയിലുള്ള കുറ്റങ്ങള്‍ കണ്ടെത്തുകയുണ്ടായി; പരിശോധന നടത്തുകയുണ്ടായിട്ടില്ലെങ്കില്‍ കാരണമെന്ത്;

(ഡി) സര്‍ക്കാര്‍ ബോര്‍ഡ് പ്രദര്‍ശിപ്പിക്കാതെ വാഹനം ഓടിക്കുകയും ലോഗ് ബുക്ക് സത്യസന്ധമായി എഴുതാതിരിക്കുകയും ചെയ്ത എത്ര കേസുകള്‍ കണ്ടെത്തുകയുണ്ടായെന്നറിയിക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പെൻഷൻ പ്രായ വർദ്ധനവ്</u>

48 ശ്രീ. കെ. രാജു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പെൻഷൻ പ്രായ വർദ്ധനവ് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സർവ്വീസ് സംഘടനകളെയും യുവജനസംഘടനകളെയും വിളിച്ച് ചേർത്ത് വിശദമായ ചർച്ചകൾക്ക് തയ്യാറാകുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**കേന്ദ്രമന്ത്രിമാര്‍ക്ക് കേരളത്തില്‍വരുമ്പോള്‍ ഒരുക്കേണ്ടി വരുന്ന സൗകര്യങ്ങള്‍**

49 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രമന്ത്രിമാര്‍ക്ക് കേരളത്തില്‍ വരുമ്പോള്‍ സംസ്ഥാന സര്‍ക്കാര്‍ ഒരുക്കേണ്ടിവരുന്ന സൗകര്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാര്‍ക്കു വേണ്ടി കഴിഞ്ഞ രണ്ട് സാമ്പത്തികവര്‍ഷം സംസ്ഥാനം ചെലവഴിച്ച തുക എത്രയാണെന്നും ഏതെല്ലാം ഇനങ്ങളിലാണെന്നും വെളിപ്പെടുത്താമോ ;

(സി) ഈ സര്‍ക്കാരിന്റെ ഭരണ കാലത്ത് സംസ്ഥാന ഗവണ്‍മെന്റ് വിളിച്ചുചേര്‍ത്ത സംസ്ഥാനത്തുനിന്നുള്ള എം.പി മാരുടെ യോഗങ്ങളില്‍ കേന്ദ്രമന്ത്രിമാരായ എം.പി മാര്‍ പങ്കെടുക്കാതിരുന്നിട്ടുണ്ടോ ; എങ്കില്‍ ഏതെല്ലാം യോഗത്തില്‍ ഏതെല്ലാം കേന്ദ്രമന്ത്രിമാര്‍ പങ്കെടുക്കാതിരുന്നു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>ഉന്നത ഉദ്യോഗസ്ഥതലത്തിലുള്ള നിരുത്തരവാദപരമായ സമീപനം</u>

50 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയ പ്രശ്നങ്ങളിൽ ഉന്നതഉദ്യോഗസ്ഥതലത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ വസ്തുതകൾ പരിശോധിക്കാതെയും, പരാതികൾ കേൾക്കാതെയും നീതിന്യായ നിയമതത്വങ്ങൾ പാലിക്കതെയും തീരുമാനമെടുക്കുന്ന ഒരു കൂട്ടം ഉന്നതഉദ്യോഗസ്ഥർ ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഉന്നത ഉദ്യോഗസ്ഥർക്ക് ഭരണനേതൃത്വത്തിലെ ചിലർ എല്ലാവിധ സഹകരണവും നൽകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നത ഉദ്യോഗസ്ഥർ എടുക്കുന്ന തീരുമാനങ്ങളിൽ അതൃപ്തി ഉണ്ടായിട്ടാണ് ബഹുഭൂരിപക്ഷംപേരും ഇപ്പോൾ കോടതികളെ അഭയം പ്രാപിക്കുന്നതെന്ന വസ്തുത ഗൗരവപൂർവ്വം കാണുമോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ തലത്തിൽ നീതിപൂർവ്വമായ തീരുമാനമെടുക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങളുടെ ബാഹുല്യം കുറച്ചുകൊണ്ട് വരുന്ന കാര്യത്തിന് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിലനിൽക്കുന്ന സംസ്ഥാന ആവശ്യങ്ങൾ

51 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നുള്ള എട്ട് കേന്ദ്ര മന്ത്രിമാരുടെ കീഴിലുള്ള കേന്ദ്ര സർക്കാർ വകുപ്പുകളിൽ, സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ എന്തെങ്കിലും തീരുമാനത്തിനായി അവലംബിക്കുന്നുണ്ടോ ;

(ബി) അവ ഏതൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാർ ഓരോരുത്തർക്കും ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം ആവശ്യങ്ങൾക്ക് നിവേദനങ്ങൾ നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കേരള സർക്കാർ വിളിച്ചുചേർത്ത കേന്ദ്രമന്ത്രിമാരുടെയും എം. പി.മാരുടെയും യോഗം</u>

52 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഉന്നയിക്കേണ്ടുന്ന സുപ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് കേരള സർക്കാർ വിളിച്ചു ചേർത്ത കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരുടെയും എം.പി. മാരുടെയും യോഗത്തിൽ പങ്കെടുക്കാതിരുന്നവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരിൽ ആരൊക്കെ പങ്കെടുക്കുകയുണ്ടായി;

(സി) സംസ്ഥാനത്തുണ്ടായിരുന്നിട്ടുപോലും യോഗത്തിൽ എത്തിച്ചേരാതിരുന്ന കേന്ദ്ര മന്ത്രിമാർ ആരൊക്കെയാണ്;

(ഡി) പ്രസ്തുത യോഗത്തിൽ സംസ്ഥാന മന്ത്രിമാരിൽ പങ്കെടുക്കാത്തവർ ആരൊക്കൊയാണ്?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ചെറുകിട വ്യാപാര രംഗത്തെ വിദേശ കുത്തക

53 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരരംഗത്തേയ്ക്ക് വിദേശ കുത്തകകളെ കടന്നുവരാൻ അനുവദിക്കുന്ന കേന്ദ്രനയം കേരളത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) ഏതെല്ലാം ഉല്പന്നങ്ങളും ബ്രാന്റുകളുമാണ് കേരളത്തിൽ വില്പനയ്ക്ക് ആദ്യഘട്ടം അനുവദിക്കുന്നത് ; ഏതെല്ലാം ജില്ലകളിലാണ് ഇത് ആദ്യം നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) മൾട്ടിബ്രാൻഡ് ചില്ലറ വ്യാപാര മേഖലയിൽ പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിക്കുന്നതിന്റെ നേട്ടം കർഷകർക്ക് ലഭ്യമാക്കാൻ 1961–ലെ കാർഷികോല്പന്ന വിപണി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ള സാഹചര്യത്തിൽ കാർഷിക വിളകളും ഉൽപന്നങ്ങളും ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിക്കുന്നതിന് സംവിധാനം നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഡോ: പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

54 ശ്രീ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സമഗ്ര രൂപരേഖ തയ്യാറാക്കുന്നതിനായി നിശ്ചയിച്ച ഡോ: പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>എയർ ഇന്ത്യ വിമാന സർവ്വീസുകൾ</u>

55 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എയർ ഇന്ത്യ കേരളത്തിൽ നിന്നുള്ള എത്ര വിമാന സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഓരോ എയർപോർട്ടിൽ നിന്നും ഈ കാലയളവിൽ എയർ ഇന്ത്യ പിൻവലിച്ച വിമാന സർവ്വീസുകൾ എത്രയാണെന്ന് അറിയാമോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതേ കാലയളവിൽ എയർ ഇന്ത്യ ടിക്കറ്റ് നിരക്കിൽ എത്ര തവണ വർധന വരുത്തുകയുണ്ടായെന്നും ഇപ്പോഴത്തെ നിരക്കുകളും ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നിരക്കുകളും തമ്മിൽ ശരാശരി എത്ര ശതമാനം വർധന ഉണ്ടായി എന്ന് അറിയാമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

56 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ എതിരഭിപ്രായം അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്രസർക്കാരിൽ അറിയിച്ചിട്ടുള്ളത് ; പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) എതിരഭിപ്രായം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിനു മുമ്പായി ഇതു സംബന്ധിച്ച എന്തെങ്കിലും പഠനം സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഒരു വിദഗ്ദ്ധ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകളുടെ വെബ്സൈറ്റ്</u>

57 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരുത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതിന് ശേഷം സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇതിനകം പുറപ്പെടുവിച്ച ഉത്തരവുകളുടെ എണ്ണം വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകൾ പുറപ്പെടുവിച്ച എത്ര ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി;

(സി) ഏതെല്ലാം ഗവൺമെന്റ് ഉത്തരവുകളാണ് ജനങ്ങളെ അറിയിക്കാതിരിക്കാനായി വെബ്സൈറ്റിൽ നല്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുളളത്;

(ഡി) പുറപ്പെടുവിച്ച ഉത്തരവുകളുടേയും വെബ്സൈറ്റിൽ ഇതേവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തവയുടേയും എണ്ണം വിശദമാക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകൾ സർക്കുലറുകൾ</u>

58 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകൾ - സർക്കുലറുകൾ എന്നിവ എല്ലാ എം.എൽ.എ. മാർക്കും ഇ-മെയിൽ സംവിധാനം വഴി എത്തിച്ചു കൊടുക്കുവാൻ നിർദ്ദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു പാലിക്കപ്പെടുന്നു എന്നുറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കാമോ ;

(ബി) സർക്കാർ ഉത്തരവുകൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും എന്ന ഉത്തരവ് നടപ്പിലാവാതിരിക്കുന്നത് ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഭൂരിഭാഗം വകുപ്പുകളിലേയും സെക്ഷനുകളിലേയും ഫയലുകൾ ഐഡിയാസിൽ രേഖപ്പെടുത്തുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ ഐഡിയാസിൽ എല്ലാ ഫയലുകളും രേഖപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്</u>

59 ശ്രീ.എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഈ പ്രഖ്യാപനം നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രഖ്യാപനത്തിന്ശേഷം ഇതുവരെ സർക്കാരിന്റെ എല്ലാ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ വെബ്സൈറ്റിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ സർക്കാർ വകുപ്പും പുറപ്പെടുവിച്ച ഉത്തരവുകൾ എത്ര വീതമാണെന്നും അവയിൽ നാളിതുവരെ വെബ്സൈറ്റിൽ നല്കാത്തവ എത്രയാണെന്നും വിശദമാക്കാമോ;

(ഡി) സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എത്ര നാൾക്കകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(ഇ) മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽനിന്നും ഇറക്കിയ എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസിദ്ധീകരിക്കാത്തവ എത്ര: വിശദമാക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഐ. പി. എസ്. സെലക്ഷനുവേണ്ടി തയ്യാറാക്കിയവരുടെ ലിസ്റ്റ്

60 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഐ.പി.എസ്. സെലക്ഷന് വേണ്ടി തയ്യാറാക്കിയവരുടെ ലിസ്റ്റ് കേന്ദ്ര ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ ; കൈമാറിയ ലിസ്റ്റിൽ എത്ര പേരുണ്ട് ; ആരെല്ലാം ;

(ബി) ഇവരിൽ ഓരോരുത്തരുടേയും പേരിൽ സർവ്വീസിലുണ്ടായിരുന്ന കാലത്ത് ഉണ്ടായിരുന്നതായ ആരോപണങ്ങൾ എന്തൊക്കെയായിരുന്നു ; ഒരു ആരോപണവും ഉണ്ടായിരുന്നിട്ടില്ലാത്തവർ ആരൊക്കെയായിരുന്നു ;

(സി) ഐ.പി.എസ്. സെലക്ഷന് അർഹരായിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയത് ഏത് മാനദണ്ഡപ്രകാരം ആയിരുന്നു ;

(ഡി) കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്ത ലിസ്റ്റിനെതിരെയും, ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിനെതിരെയും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇവ പരിഗണിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഔദ്യോഗിക വാഹനങ്ങൾ</u>

61 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യാർത്ഥം ഉപയോഗിക്കുമ്പോൾ മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും പാലിക്കേണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യാർത്ഥം ഉപയോഗിച്ച ഇനത്തിൽ ടൂറിസം വകുപ്പിൽ എന്ത് തുക ലഭിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ;

(സി) സ്വകാര്യ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിച്ച ഏതെല്ലാം മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും എത്ര രൂപ അടയ്ക്കാനുണ്ടെന്നു വെളിപ്പെടുത്താമോ;

(ഡി) ഔദ്യോഗിക വാഹനങ്ങൾ ബോർഡ് വെച്ച് കുടുംബാംഗങ്ങളുമായി യാത്ര ചെയ്ത എത്ര പേർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി എന്നറിയിക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സർക്കാർ വാങ്ങിയ പുതിയ വാഹനങ്ങൾ</u>

62 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം മന്ത്രിമാരുടെയും മറ്റും ആവശ്യാർത്ഥം ഏതെല്ലാം വകുപ്പുകൾ എത്ര വാഹനങ്ങൾ പുതുതായി വാങ്ങുകയുണ്ടായി;

(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും ഇപ്പോൾ വീട്ടിലേയും ആഫീസിലേയും ആവശ്യങ്ങൾക്കുൾപ്പെടെ എത്ര വാഹനങ്ങൾ വീതം ഉപയോഗിച്ചുവരുന്നു;

(സി) ടൂറിസം വകുപ്പിൽ നിന്നല്ലാതെ മറ്റേതെങ്കിലും വകുപ്പുകളുടേയോ, സർക്കാർ സ്ഥാപനങ്ങളുടേയോ വാഹനങ്ങൾ ഉപയോഗിച്ചുവരുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളുടെ ഏതെല്ലാം വാഹനങ്ങൾ ഏതെല്ലാം മന്ത്രിമാർക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത വാഹനങ്ങളുടെ ഡ്രൈവർമാരുടേയും ഇന്ധനത്തിന്റേയും ചെലവ് വഹിക്കുന്നത് മന്ത്രിമാരാണോ; അല്ലെങ്കിൽ ആരാണെന്ന് വെളിപ്പെടുത്താമോ;

(ഡി) നിയമാനുസൃതം ഒരു മന്ത്രിക്ക് എത്ര വാഹനങ്ങൾ ഏതെല്ലാം വ്യവസ്ഥയിൽ ഉപയോഗിക്കാം; അതിൽ നിന്ന് വ്യത്യസ്തമായി ആരെല്ലാം ഏതെല്ലാം നിലയിൽ വാഹനം ഉപയോഗിച്ചുവരുന്നുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മലബാർ മഹാൻ കുടുംബത്തിന്റെ ഭൂമി അന്യാധീനപ്പെട്ടതായ പരാതി</u>

63 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മഹാൻ എന്ന സ്ഥാനപ്പേര് ലഭിച്ച കുടുംബത്തിന്റെ ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ 17309 തീയതി 10.11.2011 നമ്പരായി ചേർത്ത ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കുടുംബത്തിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വിദേശ രാജ്യ സന്ദർശനം</u>

64 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം വിദേശരാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തുകയുണ്ടായെന്നും ഓരോ യാത്രയ്ക്കും ചെലവായ തുക എത്രയാണെന്നും വെളിപ്പെടുത്താമോ;

(ബി) ഗവൺമെന്റ് ചീഫ് വിപ്പ് ഈ കാലയളവിൽ ഏതെല്ലാം വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തി; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര;

(സി) മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും വിദേശ യാത്രകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ളവ ഏതൊക്കെയായിരുന്നു; ഏതെല്ലാം നിലയിലുള്ള ഔദ്യോഗിക ആവശ്യങ്ങളായിരുന്നു;

(ഡി) വിദേശ യാത്ര നടത്തിയ ഓരോ ഘട്ടത്തിലും ഓരോ മന്ത്രിയും ചീഫ് വിപ്പും എത്ര ഡോളർ ചെലവഴിച്ചു; ഗവൺമെന്റിൽ നിന്നും കൈപ്പറ്റിയ അഡ്വാൻസ് തുക എത്ര;

(ഇ) കേന്ദ്രാനുമതി വാങ്ങാതെ ആരെങ്കിലും വിദേശയാത്ര നടത്തുകയുണ്ടായോ; എങ്കിൽ ആരൊക്കെയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>നിയമ മന്ത്രിയുടെ ലണ്ടൻ സന്ദർശനം</u>

65 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമമന്ത്രിയെ ലണ്ടനിലെ ബ്രിട്ടീഷ് പാർലമെന്റിൽ പ്രബന്ധം അവതരിപ്പിക്കുന്നതിനായി ബ്രിട്ടീഷ് ഗവ: ക്ഷണിക്കുകയുണ്ടായോ ;

(ബി) നിയമമന്ത്രി ബ്രിട്ടീഷ് പാർലമെന്റിൽ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായോ ; അവതരിപ്പിച്ച അദ്ധ്വാനവർഗ്ഗ സിദ്ധാന്തം കേരള ഗവ: അംഗീകരിച്ചിട്ടുള്ളതാണോ ;

(സി) പ്രസ്തുത യാത്രയുടെ ചെലവ് സംസ്ഥാന ഗവ: വഹിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ചെലവ് വഹിച്ചത് ആരാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ഐ. എസ്. ആർ.ഒ ചാരക്കേസ്സ്

66 ശ്രീ. എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. ഡി. ദേവസ്സി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എസ്. ആർ.ഒ ചാരക്കേസ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ സി. ബി.ഐ ശുപാർശ ചെയ്ത നടപടി എന്തായിരുന്നു ; വിശദമാക്കാമോ ;

(ബി) സി. ബി.ഐ നിർദ്ദേശം നടപ്പാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) സി. ബി.ഐ നിർദ്ദേശം നടപ്പിലാക്കേണ്ടത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; അവ സർക്കാർ പരിശോധിക്കുകയുണ്ടായോ ; നിലപാട് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഐ. എസ്. ആർ.ഒ ചാരക്കേസ്

67 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരക്കേസിൽ കുറ്റാരോപിതനായ ഐ. എസ്. ആർ.ഒ ശാസ്ത്രജ്ഞൻ നമ്പിനാരായണന് നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസ് അന്വേഷിച്ച സി. ബി.ഐ റിപ്പോർട്ടിൽ മൂന്ന് പോലീസ് ഉദ്യോഗസ്ഥരുടെ പേര് പരാമർശിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അവർ ആരെല്ലാമാണ് ;

(ഡി) ഇവരുടെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത കേസിൽ ജയിലിൽ കഴിയേണ്ടിവന്ന മറിയം റഷീദക്കും അവരുടെ മാതാവിനും നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) രണ്ടു മാലി സ്വദേശികൾ എത്ര കാലമാണ് ജയിലിൽ കിടന്നത് ;

(ജി) ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. മുരളീധരൻ എം. എൽ.എ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

കണിക പരീക്ഷണ ഗുഹ നിർമ്മാണം

68 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**മുഖ്യമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ തേനിയിൽ കേരള അതിർത്തിയിലായി സ്ഥാപിക്കപ്പെട്ട കണിക പരീക്ഷണഗുഹ അത്യന്തം ആപൽക്കരമായ ഒരു അണുവായുധ കലവറയായിരിക്കുമെന്ന് ശാസ്ത്രജ്ഞർ ആശങ്ക പ്രകടിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിലയനിർമ്മാണം സംസ്ഥാനാതിർത്തിക്കുള്ളിലേക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കണിക പരീക്ഷണ തുരങ്കത്തിൽ നിന്നുള്ള രണ്ട് ഉപതുരങ്കങ്ങൾ അവസാനിക്കുന്നത് ഇടുക്കി ജില്ലയിലാണോ ; ന്യൂട്രിനോ പരീക്ഷണ നിലയം തമിഴ്നാട്ടിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണെന്ന് അഭിപ്രായമുണ്ടോ ;

(സി) വൻജലവൈദ്യുത പദ്ധതികളും തോട്ടങ്ങളും ജനവാസകേന്ദ്രങ്ങളും സ്ഥിതിചെയ്യുന്ന ഇടുക്കിയോട് ചേർന്ന് ഇത്തരം ഒരു കണിക പരീക്ഷണ നിലയം പ്രവർത്തിക്കുന്നത് എന്തെല്ലാം നിലയിലുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ഇന്ത്യ ബേസ്ഡ് ന്യൂട്രിനോ ഒബ്സർവേറ്ററി</u>

69 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ അതിർത്തിയോട് ചേർന്ന് തമിഴ്നാട്ടിലെ തേനിയിൽ ഇന്ത്യബേസ്ഡ് ന്യൂട്രിനോ ഒബ്സർവേറ്ററി (ഐ.എൻ.ഒ) സ്ഥാപിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ എപ്പോൾ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത് എപ്പോഴാണ് ; പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ലഭ്യമായിട്ടുളളത് ;

(സി) പ്രസ്തുത കേന്ദ്രത്തിൽ നിന്നും ആണവ റേഡിയേഷനും വിഷവാതക പ്രസരണവും ഉണ്ടാകുമെന്നും ഇത് ഇടുക്കിയിലെ പദ്ധതി പ്രദേശത്തിനടുത്ത് ജീവിക്കുന്നവരെ സാരമായി ബാധിക്കുമെന്നുമുള്ള വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിക്കപ്പെടുമ്പോൾ ഈ മേഖലയിൽനിന്നും എത്ര കുടുംബങ്ങൾ കൂടി ഒഴിഞ്ഞുപോകേണ്ടി വരുമെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത പരീക്ഷണശാലയിൽ ഇലക്ട്രോ മാഗ്നറ്റിക് സ്ഥാപിക്കുമ്പോൾ സമീപത്തെ ജീവജാലങ്ങളെയും പരിസ്ഥിതിയേയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

70 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സംഘടിപ്പിച്ച എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് പരസ്യപ്രചാരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ വിവിധ വിഷ്വൽ-പ്രിന്റ് മീഡിയകൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എമർജിംഗ് കേരളയുടെ സംഘാടക ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

എമർജിംഗ് കേരള നിക്ഷേപക സംഗമം

71 ശ്രീ. ബി സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിലൂടെ ഉരുത്തിരിഞ്ഞു വന്നിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതിയും തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളേയും പദ്ധതിയ്ക്ക് പ്രത്യേക ഇളവുകൾ ആവശ്യമെങ്കിൽ അവയേയും സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയുടേയും നിക്ഷേപകരാരൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരള</u>

72 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'എമര്‍ജിംഗ് കേരള' സംഘടിപ്പിച്ചതിലൂടെ എത്ര കോടി രൂപയുടെ വ്യവസായ നിക്ഷേപം സംസ്ഥാനത്തു കൊണ്ടുവരാന്‍ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതില്‍ വിദേശ നിക്ഷേപം എത്ര കോടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരള</u>

73 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

എമര്‍ജിംഗ് കേരളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പരസ്യമാണ് നല്‍കിയത് ; ഏത് ഏജന്‍സി വഴിയാണ് നല്‍കിയതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

74 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള'യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(ബി) 'എമർജിംഗ് കേരള്'ായിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളം</u>

75 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആറന്മുള വിമാനത്താവളത്തിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ മിച്ചഭൂമി ഉള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ മിച്ചഭൂമിയെന്നും ആയത് സർക്കാർ അധീനതയിൽ ആക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ബി) വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, ഭൂപരിഷ്കരണ നിയമം, ഭൂവിനിയോഗ നിയമം എന്നിവ ലംഘിക്കപ്പെടുമെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) നിർദ്ദിഷ്ട വിമാനത്താവള പദ്ധതിക്കെതിരെ എന്തെങ്കിലും കേസുകൾ കോടതിയിൽ നിലവിലുണ്ടോയെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം കോടതിയിൽ നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ആറന്മുള വിമാനത്താവള പദ്ധതി നടപ്പാക്കുകയാണെങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും മറ്റും ഏറ്റെടുക്കേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും മറ്റും നികത്തേണ്ടിവരുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) ആറന്മുള വിമാനത്താവള പദ്ധതിക്കായി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കേന്ദ്രമന്ത്രിയും മുഖ്യമന്ത്രിയുമായുള്ള കത്തിടപാടുകൾ</u>

76 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ മെട്രോ റയിൽനിർമ്മാണം ഡൽഹി മെട്രോറയിൽ കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനുവേണ്ടി കേന്ദ്രനഗരവികസന മന്ത്രി ശ്രീ. കമൽനാഥ്, ഡൽഹി മുഖ്യമന്ത്രി ശ്രീമതി. ഷീലാ ദീക്ഷിത്, പ്രധാനമന്ത്രി എന്നിവർക്ക് മുഖ്യമന്ത്രി 2012 ഒക്ടോബർ അവസാനം സമർപ്പിച്ച നിവേദനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മുഖ്യമന്ത്രി സമർപ്പിച്ച നിവേദനങ്ങൾക്ക് മറുപടി ലഭിക്കുകയുണ്ടായോ ;

(സി) പ്രസ്തുത ആവശ്യവുമായി, ബന്ധപ്പെട്ടവരുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ചയിൽ ലഭിച്ച മറുപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ പദ്ധതി</u>

77 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി നാളിതുവരെ കേന്ദ്ര മന്ത്രിമാർക്കും പ്രധാനമന്ത്രിക്കും ഡൽഹി മുഖ്യമന്ത്രിയ്ക്കും അയച്ചിട്ടുള്ള കത്തുകളുടെയും സന്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കത്തുകൾക്കും സന്ദേശങ്ങൾക്കും മറുപടി ലഭിക്കുകയുണ്ടായോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി</u>

78 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കൊച്ചി മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.എം.ആർ.സി. മുൻ എം.ഡി. ശ്രീ. ഇ. ശ്രീധരന്റെ യോഗ്യതയെ സംബന്ധിച്ച് കേന്ദ്ര നഗര വികസന സെക്രട്ടറിക്ക് കൊച്ചി മെട്രോ മുൻ എം.ഡി. ശ്രീ. ടോം ജോസ് കത്തെഴുതിയിരുന്നോയെന്നും ഇതിന്റെ കോപ്പി ചീഫ് സെക്രട്ടറിക്ക് നൽകിയിരുന്നോയെന്നും കത്തെഴുതിയത് സർക്കാരിന്റെ അനുമതിയോടെ ആണോയെന്നും വ്യക്തമാക്കുമോ;

(ബി) കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പിനായി മുൻ എം. ഡി. ശ്രീ. ടോം ജോസ് ഏതെങ്കിലും വിദേശ കമ്പനികളുമായി ചർച്ച നടത്തിയിരുന്നോയെന്നും ചർച്ച നടത്തിയെങ്കിൽ ആയത് സർക്കാരിന്റെ അറിവോടെയാണോയെന്നും ഇതിനായി അനുമതി നൽകിയിരുന്നോയെന്നും വ്യക്തമാക്കുമോ;

(സി) കൊച്ചി മെട്രോ റെയിലിന്റെ മുഖ്യ നടത്തിപ്പ് ഡി.എം.ആർ.സി.യിൽനിന്നും മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൊച്ചി മെട്രോ റെയിലിന്റെ നടത്തിപ്പിനായി ടെണ്ടർ വിളിക്കാനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഡി.എം.ആർ.സി. ഡൽഹിക്ക് പുറത്ത് മറ്റ് മെട്രോ റെയിൽ പദ്ധതികൾ നടപ്പാക്കുന്ന രീതിയിലുള്ള പങ്കാളിത്തം കൊച്ചി മെട്രോ റെയിൽ പദ്ധതിയിലും ഉണ്ടാകുമോയെന്നകാര്യവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റ്

79 ശ്രീ.കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേളാരി, പാരിപ്പള്ളി, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ഒ.സി. യുടെ ബോട്ടിലിംഗ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമുണ്ടോ;

(ബി) നിലവിലുള്ള സ്ഥാപനങ്ങൾക്ക് ഇപ്പോൾ ലൈസൻസ് ഉണ്ടോ;

(സി) ഈ സ്ഥാപനങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഐ.ഒ.സി. യുടെ സ്ഥാപനങ്ങൾക്കുമേൽ സംസ്ഥാന സർക്കാരിനു നിയന്ത്രണവുമുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വിമുക്തഭടന്മാരുടേയും സൈനികരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ</u>

80 ശ്രീ.വി. ഡി. സതീശൻ
,,എ. റ്റി. ജോർജ്
,,ഹൈബി ഈഡൻ
,,പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരുടേയും സൈനികരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഇതുവരെ ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്. വിശദമാക്കുമോ;

(ഡി) വിമുക്തഭടൻമാരുടേയും സൈനികരുടേയും പുന:രധിവാസത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(ഇ) ഇവർക്കുളള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

81 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൊത്തം എത്ര രൂപ ധനസഹായം അനുവദിച്ചു ;

(ബി) ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഓരോ ജില്ലയിലും രോഗികൾ, അപകടമരണം എന്നിവയ്ക്കായി എത്ര രൂപ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

82 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സമാഹരിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര രൂപ ധനസഹായമായി അനുവദിച്ച് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ദുരിതാശ്വാസനിധി സമാഹരിക്കുന്നതിനായി എത്ര രൂപ പരസ്യയിനത്തിൽ ചെലവഴിച്ചു;

(ഡി) പരസ്യങ്ങളിൽ അഭിനയിച്ച സിനിമാതാരങ്ങൾ, മറ്റ് വ്യക്തികൾ എന്നിവർക്ക് ഇതിലേക്കായി എത്ര തുക പ്രതിഫലം നൽകിയിട്ടുണ്ട്; ഇപ്രകാരം പ്രതിഫലം കൈപ്പറ്റിയവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് ജില്ലയിൽ അനുവദിച്ച് വിതരണം ചെയ്ത ദുരിതാശ്വാസധനസഹായം എത്ര രൂപയാണെന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം</u>
<u>അനുവദിക്കുന്നതിലുള്ള കാലതാമസം</u>

83 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാ ധനസഹായം അപേക്ഷകർക്ക് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ധനസഹായം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് നേരിട്ട് അപേക്ഷകർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ബാധിതരുടെ പട്ടിക</u>

84 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ എത്രപേരാണ് ഉണ്ടായിരുന്നത്; ഇതിൽ കിടപ്പിലായവർ, രോഗബാധിതർ, വൈകല്യമുള്ളവർ എത്രപേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പട്ടികയുടെ തയ്യാറാക്കൽ, പുതുക്കൽ എന്നിവ ചെയ്തത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ബാധിതർക്ക് നൽകിയ സഹായത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം</u>

85 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്; പരമാവധി എന്ത് തുക അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ചില അപേക്ഷകളിന്മേൽ തുച്ഛമായ തുകയും ചില അപേക്ഷകളിന്മേൽ പരമാവധി തുകയും അനുവദിക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ:

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ആലപ്പുഴ ജില്ലയിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; അവരുടെ പേരും അനുസരിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുകയിൽ എന്ത് തുക നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതാശ്വാസം</u>

86 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതാശ്വാസം, റേഷൻ സബ്സിഡി വിതരണം തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ വിഷയങ്ങളെ സംബന്ധിച്ച് ഇതുവരെ എത്ര നിവേദനങ്ങൾ ലഭിച്ചു ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിവേദനങ്ങളിലെ ആവശ്യങ്ങൾ പരിഹരിക്കാതെ നില്ക്കെ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് ഉത്തരവുകൾ ഇറക്കിയത് ; അവ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സി ഓൺലൈൻ രജിസ്ട്രേഷൻ</u>

87 ശ്രീ.സി. പി. മുഹമ്മദ്

" സണ്ണി ജോസഫ്

" എം. പി. വിൻസന്റ്

" കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യിൽ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയതു പ്രകാരം ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) എല്ലാ വിജ്ഞാപനങ്ങളും ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുമോ;

(സി) പുതിയ സംവിധാനത്തെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ വേണ്ടത്ര അവബോധം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം</u>

88 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതും അതിവേഗത്തിലുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പുതിയ നിയമനങ്ങൾ</u>

89 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി. നിയമനത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലയളവിൽ ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴി നിയമനം ലഭിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) നിയമന നടപടിയിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ആശ്രിത നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര പേർക്ക് ആശ്രിത നിയമനം ലഭിച്ചു; വകുപ്പ് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

പി. എസ്.സി മുഖേനയല്ലാതെ നിയമനം

90 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികമായി ദിവസക്കൂലി അടിസ്ഥാനത്തിലോ, മറ്റെന്തെങ്കിലും വ്യവസ്ഥയിലോ പി. എസ്.സി മുഖേനയല്ലാതെ നിയമിക്കപ്പെട്ടവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇത്തരത്തിൽ നിയമിക്കപ്പെട്ടവരിൽ പി. എസ്. സിയ്ക്ക് വിട്ട തസ്തികകളിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവർ ഉണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

പി. എസ്. സി. നിയമനം

91 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം അമ്പത്തിയാറ് ആയി വർദ്ധിപ്പിച്ചതിനും, പെൻഷൻ ഏകീകരണം മാറ്റിയതിനും ശേഷം എത്ര ജീവനക്കാർ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചു എന്നും, വിരമിച്ച ഒഴിവുകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും, എത്ര പേർക്ക് പി.എസ്.സി. വഴി സ്ഥിര നിയമനം നൽകി എന്നും അറിയിക്കുമോ:

(ബി) ഒഴിവുകൾ യഥാസമയം പി. എസ്.സി.യ്ക്കു റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തസ്തികകളിലും ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാനും, റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## പി. എസ്. സി. നിയമനം

92 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ ഒന്നു മുതൽ 2012 ഒക്ടോബർ 31 വരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻമുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികൾക്കു നിയമനം നൽകുന്നതിനായി ഇക്കാലയളവിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി ഓരോ വകുപ്പിലും വിവിധ വിഭാഗങ്ങൾ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുവെന്നും, എത്ര സൂപ്പർ ന്യൂമററി തസ്തികകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തുവെന്നും തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

പി. എസ്. സി നിയമനങ്ങൾ

93 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നിയമനങ്ങളിൽ അതാത് ജില്ലകൾക്ക് 5 മാർക്ക് വെയിറ്റേജ് നൽകാമെന്ന പി. എസ്. സി തീരുമാനം റദ്ദ് ചെയ്ത കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ലഭിച്ച നിയമോപദേശം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പുതിയ തസ്തികകൾ</u>

94 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ</u>

95 ശ്രീ.മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പി. എസ്. സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പി.എസ്.സി. – എൻ.സി.എ നിയമനം</u>

96 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങൾക്കുള്ള ലിസ്റ്റിൽ സംവരണ വിഭാഗം ഉദ്യോഗാർത്ഥികളെ ലഭ്യമായില്ലെങ്കിൽ ആയതിലേക്ക് എൻ.സി.എ ഒഴിവുകളിൽ അപേക്ഷ ക്ഷണിക്കുമ്പോൾ 2 ഉം 3 ഉം തവണ ഉദ്യോഗാർത്ഥികളെ ലഭിച്ചില്ലെങ്കിൽ പിന്നീട് എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്; വിശദമാക്കുമോ;

(ബി) ഇത്തരം സന്ദർഭങ്ങളിൽ പ്രധാന റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായവരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രധാന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

പിന്നോക്ക സമുദായ സംവരണവും പി.എസ്.സി. നിയമനവും

97 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പിന്നോക്ക സംവരണ സമുദായത്തിൽ നിന്നും മറ്റൊരു പിന്നോക്ക സമുദായ ജാതിയിലേയ്ക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയ്ക്ക് പി.എസ്.സി. നിയമനത്തിൽ സംവരണത്തിന് അർഹതയില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കോഴിക്കോട് ജില്ലയിലെ പി.എസ്.സി.യുടെ എൽ.ഡി. ടൈപ്പിസ്റ്റ് മെയിൻ റാങ്ക് ലിസ്റ്റിലെ 79–ാം നമ്പർ റാങ്കുകാരി ഷാജിദയ്ക്ക് സംവരണ ക്വോട്ടയിൽ നിയമനം നൽകാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പി.എസ്.സി റാങ്ക് ലിസ്റ്റിലെ മുൻഗണനാ ക്രമം</u>

98 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായവർക്ക് മുൻഗണനാക്രമത്തിൽ ജോലിക്കുള്ള മെമ്മോ നൽകിയിട്ടും ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവില്ല എന്ന കാരണം പറഞ്ഞ് നിയമനം നൽകാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിലെ പി.എസ്.സി. യുടെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പഞ്ചായത്ത് വകുപ്പിലേയ്ക്ക് നിയമന ശുപാർശ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റിൽ താഴെയുള്ളവർ മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് നിയമിക്കപ്പെട്ടിട്ടും ഇവരുടെ നിയമനം വൈകിയതുമൂലം ഇവർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പരിഹരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

വികലാംഗരുടെ പി.എസ്.സി. നിയമനം

99

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും എത്ര വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി ആക്ടിൽ വർഷം തോറും എത്ര വികലാംഗർക്ക് സർവ്വീസിൽ നിയമനം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വ്യവസ്ഥ പാലിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പി.എസ്.സി. വഴിയല്ലാതെ നിയമനം നടക്കുന്ന വിവിധ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ 1995-ലെ പ്രസ്തുത ആക്ടിലെ വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

പി. എസ്. സി. നിയമനങ്ങൾ

100

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ എസ്.സി./എസ്.ടി. ഒഴിവുകൾ പൂർണ്ണമായും 2012 ഡിസംബർ 31 ന് മുൻപായി നികത്തുമെന്നുള്ള സർക്കാർ പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം പി.എസ്.സി. എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുകയുണ്ടായി; എത്ര ഒഴിവുകളാണ് നികത്താനുണ്ടായിരുന്നത്;

(സി) പി.എസ്.സി. അഡ്വൈസ് ചെയ്ത എല്ലാവർക്കും നിയമന ഉത്തരവുകൾ നൽകുകയുണ്ടായോ; ഇല്ലെങ്കിൽ ഇനിയും നിയമനം നടത്താനുള്ളവ എത്ര ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ എൽ.പി.എസ്.എ നിയമനം</u>

101 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 390/2008 പ്രകാരം 12.12.2011–ൽ നിലവിൽ വന്ന തൃശ്ശൂർ ജില്ലയിലെ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ അഡ്വൈസ് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് അവസാനം അഡ്വൈസ് നടത്തിയത് എന്നാണ് ; ഏത് റൊട്ടേഷൻ ക്രമനമ്പർ വരെ അഡ്വൈസ് ചെയ്തു ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി, എൻ.സി.എ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ സംവരണ വിഭാഗത്തിൽ എത്ര എൻ.ജെ.ഡി, എൻ.സി.എ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ എൽ. ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ്</u>

102 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റ് നിലവിൽ വന്നിട്ട് എത്ര മാസമായി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് വരുന്ന വയനാട് ജില്ലയ്ക്കുള്ള ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ എത്രയെണ്ണം റിപ്പോർട്ടു ചെയ്തുവെന്ന് വകുപ്പു തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ഇ) 2013 മാർച്ച് മാസം 31 നകം പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ജോലി ലഭിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

നിയമന നിരോധനം

103 ശ്രീ. തോമസ് ഉണ്ണിയാടൻ
" റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നിയമന നിരോധനം എന്ന പ്രശ്നം ഉന്നയിച്ചു ഒരു വിഭാഗം സമരം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത്തരക്കാരെ വസ്തുത ബോദ്ധ്യപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**2013 മാർച്ചിന് മുമ്പ് കാലാവധി പൂർത്തിയാകുന്ന പി.എസ്.സി റാങ്ക് ലിസ്റ്റുകൾ**

104 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ചിന് മുമ്പ് കാലാവധി പൂർത്തിയാകുന്ന എത്ര പി.എസ്.സി റാങ്ക് ലിസ്റ്റുകൾ ഉണ്ട് ; ഇവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലിസ്റ്റുകളിലേക്ക് റിപ്പോർട്ടു ചെയ്യപ്പെട്ട എത്ര ഒഴിവുകൾ ഉണ്ട് ; അത് ഏതൊക്കെയെന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാലാവധി കഴിയുന്നതിന് മുമ്പ് ഈ ഒഴിവുകളിലേക്ക് പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

105 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നിയമനം നൽകിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ജില്ലയിൽ വരുന്ന വേക്കൻസികൾ അടിയന്തിരമായി പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലേക്കുള്ള നിയമനം</u>

106 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിലേക്ക് നിയമനം നടത്തുവാൻ പി.എസ്.സി. കാറ്റഗറി നമ്പർ 353/2008 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ എഴുത്ത് പരീക്ഷ, സാദ്ധ്യതാലിസ്റ്റ് പ്രസിദ്ധീകരണം, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ എന്നാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) അപേക്ഷ ക്ഷണിക്കുമ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് അറിയിക്കുമോ; നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ടു ചെയ്തിട്ടുളളത്;

(ഡി) നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായിട്ടും പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിൽ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ആശങ്കയും, ബുദ്ധിമുട്ടും ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ;

(ഇ) എങ്കിൽ എന്ന് പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ; നിയമന നടപടി ത്വരിതപ്പെടുത്തുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

107 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചു;

(ബി) 2012-13 സാമ്പത്തിക വർഷം എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ കോട്ടയം ജില്ലയിൽ ഉണ്ട്; ഇത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തോ; ഇല്ലെങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

2012 ജനുവരി ഒന്നിന് ശേഷം നടത്തിയ നിയമനങ്ങൾ

108 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജനുവരി ഒന്നിന് ശേഷം നിലവിൽ വന്ന വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഇതുവരെ നടത്തിയ നിയമനങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

പി.എസ്.സി വഴി അഡൈ്വസ് ലഭിച്ചവർ

109 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ പി.എസ്.സി എൽ.ഡി. ക്ലാർക്ക് (വിവിധം) തസ്തികയിലേക്ക് 2008–2009, 2009–2010, 2010–2011, 2011–2012 വർഷങ്ങളിൽ എത്ര വീതം പേർക്ക് അഡൈ്വസ് മെമ്മോ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പി. എസ്. സി. ഒഴിവുകൾ</u>

110 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2012 ഒക്ടോബർ 31 വരെ എത്ര ഒഴിവുകൾ വിവിധ വകുപ്പുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടുപോലും പല സ്ഥാപനങ്ങളിലും വകുപ്പുകളിലും ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. ക്ക് അപേക്ഷിയ്ക്കാനുള്ള ഉയർന്ന പ്രായപരിധി വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ഹയർ സെക്കന്ററി (ജൂനിയർ/സീനിയർ) അധ്യാപകരുടെ (കൊമേഴ്സ്) ഒഴിവ്

111 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഹയർസെക്കന്ററി വകുപ്പിലേക്കുള്ള ജൂനിയർ/സീനിയർ (കൊമേഴ്സ്) അധ്യാപകരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് എന്നാണ് വിജ്ഞാപനവും പരീക്ഷയും നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരീക്ഷയുടെ മൂല്യ നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) സെറ്റ് പരീക്ഷ പാസ്സാകാത്തവരെ റാങ്ക് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുമോ;

(ഇ) പ്രസ്തുത ഒഴിവുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുവാനും റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും അഡ്വൈസ് മെമ്മോ അയക്കുന്ന കാര്യവും പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

പി.എസ്.സി റാങ്ക് ലിസ്റ്റ്

112 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമായി ഇപ്പോൾ എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളും ഷോർട്ട് ലിസ്റ്റുകളും നിലവിലുണ്ട് ; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(സി) 2012 മാർച്ച് മുതൽ നവംബർ വരെ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട് ;

(ഡി) 2012 മാർച്ച് മുതൽ നവംബർ വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>

113 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ

114 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സർക്കാർ വകുപ്പുകളിൽ എത്ര എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുണ്ട് ;

(ബി) എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും, താല്ക്കാലിക ജീവനക്കാർ ഏതെങ്കിലും ഓഫീസുകളിൽ ജോലി നോക്കിവരുന്നുണ്ടോ ;

(ഇ) ഇക്കാലയളവിൽ എത്രപേർക്ക് നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം ലഭിച്ചിട്ടുണ്ട് ;

(എഫ്) സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്</u>

115 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഒഴിവുകൾ വരുന്നമുറയ്ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>

116 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും നിയമനം ലഭിച്ചവർ ആരെല്ലാമെന്നും ഇവർ ഓരോരുത്തരുടേയും റാങ്ക് നമ്പർ ഏതെന്നും അഡ്വൈസ് നമ്പർ ഏതെന്നും വ്യക്തമാക്കിക്കൊണ്ട് നിയമനം ലഭിച്ചവരുടെ പേര് വിവരം സഹിതം പട്ടിക ലഭ്യമാക്കുമോ;

(ബി) 2012 എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽ ഉൾപ്പെട്ട 19 പേർക്ക് പഞ്ചായത്ത് വകുപ്പിൽ അഡ്വൈസ് മെമ്മോ അയക്കുകയും അഡ്വൈസ് മെമ്മോ അയച്ചതിനുശേഷം പഞ്ചായത്തിൽ നിലവിൽ ഒഴിവില്ല എന്ന് കോഴിക്കോട് ഡി.ഡി.പി. ഓഫീസ് പി.എസ്.സി. ഓഫീസിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള തുടർ നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ;

(സി) അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാതിരിയ്ക്കുകയും താഴെയുള്ള റാങ്കുകാർ മറ്റ് വകുപ്പുകളിലേക്ക് നിയമിക്കപ്പെടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ എൽ. ഡി. സി. ഒഴിവുകൾ</u>

117 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എൽ.ഡി.സി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളുടെ എണ്ണം വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി. എസ്. സി. നിയമന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത തസ്തികയിൽ വിവിധ വകുപ്പുകളിൽ ഉണ്ടായ മുഴുവൻ ഒഴിവുകളും പി. എസ്. സി.യ്ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകളെ ഹയർ സെക്കണ്ടറിക്ക് തുല്യമായി അംഗീകരിക്കാൻ നടപടി</u>

118 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളിലെ 3 വർഷ ഡിപ്ലോമ കോഴ്സുകളെ ഹയർ സെക്കണ്ടറിക്ക് തുല്യമായി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി. അംഗീകാരം ഇക്കാര്യത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച ഉദ്യോഗാർത്ഥികളുടേയും വിദ്യാർത്ഥികളുടേയും അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?